*⇨ 2003 ഫെബ്രുവരി 26നാണ് കമ്പനി പെരുമാട്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നത് ⇨*

# സുപ്രീംകോടതിയിൽ വിജയിച്ചത് കൊക്കക്കോളയുടെ തന്ത്രങ്ങൾ

പ്ലാച്ചിമടയിൽ ചെയ്ത കുറ്റങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്നും അതിന്റെ ശിക്ഷാനടപടികളിൽ നിന്നും കൊക്കക്കോള കമ്പനി രക്ഷപ്പെട്ടുവെന്നതാണ് സുപ്രീംകോടതിയിൽ വിചാരണ നടക്കാതെ കേസ് തീർപ്പാക്കിയപ്പോൾ സംഭവിച്ചത്. കേസുകൾ തള്ളിപ്പോവുക എന്നതായിരുന്നു കൊക്കക്കോളയുടെ തന്ത്രം. അതിൽ അവർ വിജയിക്കുകയാണ് സുപ്രീംകോടതി കേസിൽ സംഭവിച്ചതെന്ന്

**സി.ആർ. ബിജോയ്**

**കൊക്കക്കോള** കമ്പനിക്ക് പെരുമാട്ടി പഞ്ചായത്ത് ലൈസൻസ് നിഷേധിച്ചതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ പരിഗണനയിൽ ഉണ്ടായിരുന്ന കേസ് 2017 ജൂലൈ 13ന് സുപ്രീം കോടതി തള്ളുകയുണ്ടായല്ലോ. പ്ലാച്ചിമടയിൽ ഇനി പ്രവർത്തിക്കാൻ താത്പര്യമില്ലെന്ന് കമ്പനി സുപ്രീംകോടതിയെ അറിയിച്ചതിനെത്തുടർന്നാണ് കേസ് നിലനിൽക്കുന്നതല്ലെന്ന് കാണിച്ച് അപ്പീലുകൾ തള്ളിയത്. കമ്പനിയുടെ അപേക്ഷ തള്ളാൻ പഞ്ചായത്തിന് അധികാരമുണ്ടോ, അധികാരമുണ്ടെങ്കിൽ തന്നെ അത് ശരിയായ രീതിയിലാണോ ഉപയോഗിച്ചത്, കൃത്യമായി പഠിച്ചിട്ടാണോ പഞ്ചായത്ത് തീരുമാനമെടുത്തത് തുടങ്ങിയ കാര്യങ്ങളും കേസിന്റെ പരിഗണനയിൽ ഉണ്ടായിരുന്നു. എന്നാൽ ഇതിലേക്കൊന്നും കടക്കാതെയാണ് കേസ് അവസാനിച്ചിരിക്കുന്നത്.

### കേസിന്റെ പശ്ചാത്തലം

2003-04 കാലയളവിലേക്ക് ലൈസൻസ് പുതുക്കുന്നതിന് 2003 ഫെബ്രുവരി 26നാണ് കമ്പനി പെരുമാട്ടി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നത്. ലൈസൻസ് പുതുക്കേണ്ടതില്ലെന്ന് ഏപ്രിൽ 7ന് പഞ്ചായത്ത് ഭരണസമിതിയെടുത്ത തീരുമാനം കമ്പനിയെ അറിയിക്കുകയും ലൈസൻസ് തള്ളാതിരിക്കാനുള്ള കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് ഏപ്രിൽ 9ന് കമ്പനിക്ക് നോട്ടീസ് അയക്കുകയും ചെയ്തു. ഇതിന് ഏപ്രിൽ 30ന് നൽകിയ മറുപടിയിൽ കമ്പനി പഞ്ചായത്തിന്റെ എല്ലാ വാദങ്ങളും നിരാകരിച്ചു. മെയ് 17ന് പെരുമാട്ടി പഞ്ചായത്ത് കമ്പനിയുടെ ലൈസൻസ് റദ്ദാക്കുകയും ഉത്പാദനം നിർത്തിവെക്കാൻ കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്തു. ഈ ഉത്തരവ് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി ജൂൺ 12ന് സ്റ്റേ ചെയ്തു. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വകുപ്പിന്റെ ഒക്ടോബർ 13ലെ ഉത്തരവ് പഞ്ചായത്ത് ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. 2003 ഡിസംബർ 19ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് ഹൈക്കോടതി ശരിവെച്ചു. 2004 മാർച്ച് 30ന് പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് വീണ്ടും കാരണം കാണിക്കൽ നോട്ടീസ് അയക്കുകയും ഉത്പാദനം നിർത്തിവെക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇത് ഏപ്രിൽ 1ന് സംസ്ഥാന സർക്കാർ സ്റ്റേ ചെയ്തു. ദിനംപ്രതി 5 ലക്ഷം ലിറ്റർ വെള്ളം വലിച്ചെടുക്കാൻ അനുവദിച്ചുകൊണ്ട് 2005-06 വർഷത്തേക്കുള്ള ലൈസൻസ് കമ്പനിക്ക് പുതുക്കി നൽകണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി ഡിവി

ഷൻ ബെഞ്ച് 2005 ഏപ്രിൽ 7ന് വിധി പുറപ്പെടുവിച്ചു. ഹൈക്കോടതി നിയമിച്ച അന്വേഷണ സംഘത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഈ വിധിയാണ് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടത്. 2005 ഏപ്രിൽ 13ന് ലൈസൻസ് പുതുക്കാൻ കമ്പനി വീണ്ടും അപേക്ഷ നൽകിയെങ്കിലും 26ന് പഞ്ചായത്ത് അത് തള്ളി. കമ്പനിയുടെ അപ്പീലിന്മേൽ ഒരാഴ്ചക്കുള്ളിൽ ലൈസൻസ് പുതുക്കി നൽകാൻ പഞ്ചായത്തിനോട് ഹൈക്കോടതി ആവശ്യപ്പെട്ടു. ഇതിനെത്തുടർന്ന് ജൂൺ 6ന് 13 ഉപാധികളോടെ പഞ്ചായത്ത് കമ്പനിക്ക് മൂന്ന് മാസത്തേക്ക് ലൈസൻസ് അനുവദിച്ചു. 2005 ആഗസ്ത് 8ന് കമ്പനി പ്രവർത്തനം വീണ്ടും തുടങ്ങിയെങ്കിലും ലൈസൻസ് പുതുക്കാനുള്ള അപേക്ഷ ആഗസ്റ്റ് 29ന് പഞ്ചായത്ത് വീണ്ടും തള്ളി. പഞ്ചായത്ത് തീരുമാനത്തെ കമ്പനി ഹൈക്കോടതിയിൽ ചോദ്യം ചെയ്യുകയും ലൈസൻസ് അനുവദിക്കാൻ വീണ്ടും ഹൈക്കോടതി ഉത്തരവിടുകയും ചെയ്തു.

### സുപ്രീംകോടതി വിധി

കേസിൽ തുടർവാദങ്ങൾ നടക്കില്ലെന്ന് ഉറപ്പ് വരുത്തുന്നതിൽ കമ്പനിയെ സഹായിക്കുകയാണ് സുപ്രീംകോടതി ചെയ്തിരിക്കുന്നത്. അങ്ങനെ താഴേ പറയുന്ന കാര്യങ്ങൾ കോടതിയിൽ ചർച്ച ചെയ്യപ്പെട്ടില്ലെന്ന് കമ്പനിക്ക് ഉറപ്പ് വരുത്താനും കഴിഞ്ഞു.

1. ലൈസൻസ് പുതുക്കേണ്ടതില്ലെന്ന് തീരുമാനിക്കാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ച വിഷയങ്ങൾ. 2. ഹൈക്കോടതിയുടെ നിർദേശപ്രകാരം പഞ്ചായത്ത് ലൈസൻസ് അനുവദിച്ചെങ്കിലും കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയുടെ അപേക്ഷ തള്ളിയതായിരുന്നു ഒരു കാരണം. 3. അപേക്ഷ തള്ളുന്നതിന് കാരണമായി പി.സി.ബി അതിന്റെ 2005 ആഗസ്ത് 19ലെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ. അസംസ്കൃത വസ്തുക്കളിലും ഉത്പാദന പ്രക്രിയയിലും മാലിന്യങ്ങളുടെ ഉത്പാദനത്തിലും ഗുണനിലവാരത്തിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ഉൾപ്പെടുത്താത്തതിനാൽ കമ്പനി നൽകിയ അപേക്ഷ പൂർണ്ണമല്ലെന്ന് ബോർഡ് കമ്പനിയെ അറിയിച്ചിരുന്നു. മാലിന്യത്തിൽ അനുവദനീയ പരിധിയിൽ അധികം കാഡ്മിയം കണ്ടെത്തിയത് കാഡ്മിയം അടങ്ങുന്ന അസംസ്കൃത വസ്തുക്കൾ ഉത്പാദന പ്രക്രിയയിലോ മാലിന്യ സംസ്കരണത്തിലോ ഉപയോഗിക്കുന്നുണ്ട് എന്നതിന് തെളിവാണെന്നും എന്നാൽ ഈ വിവരം അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ബോർഡ് കമ്പനിയെ അറിയിച്ചിരുന്നു.

ഈ പ്രശ്നങ്ങളിൽ സുപ്രീംകോടതിയിൽ വാദം നടന്നിരുന്നുവെങ്കിൽ ഇനി പറയുന്ന വിഷയങ്ങളിൽ സുപ്രീംകോടതിയിൽ വാദപ്രതിവാദങ്ങൾ നടക്കുമായിരുന്നു.
1. ഭൂഗർഭജലത്തിന്റെ മലിനീകരണവും ശോഷണവും, 2. കാഡ്മിയം ലെഡ് എന്നീ ഘനലോഹങ്ങൾ മണ്ണിലും വെള്ളത്തിലും കലർന്നതിനാൽ ഉണ്ടായിട്ടുള്ളതും ഉണ്ടാകാവുന്നതുമായ ആരോഗ്യ പ്രശ്നങ്ങൾ, 3. കൃഷിഭൂമി നഷ്ടപ്പെട്ടത്, 4. കൃഷിയിൽ നിന്നുള്ള വരുമാന നഷ്ടം, 5. തൊഴിൽ നഷ്ടം, 6. മണ്ണും വെള്ളവും പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നത് സംബന്ധിച്ച വിഷയങ്ങൾ, 7. നടത്തിയ കുറ്റകൃത്യങ്ങൾക്ക് മേൽ കമ്പനിക്കുള്ള ഉത്തരവാദിത്തം സംബന്ധിച്ച്, 8. നഷ്ടപരിഹാരം സംബന്ധിച്ച്, 9. പഞ്ചായത്തിനും സർക്കാരിനും വന്നിട്ടുള്ള നഷ്ടങ്ങൾ സംബന്ധിച്ച്, 10. ജനങ്ങൾ, വെള്ളം, ഭൂമി, പ്രാദേശിക സമ്പദ്ഘടന എന്നിവ സംരക്ഷിക്കുന്നതിൽ സർക്കാരിന് വന്ന വീഴ്ച സംബന്ധിച്ച്, 11. ഭൂഗർഭജലം സംബന്ധിച്ച നിയമങ്ങളുടെ അപര്യാപ്തതകളെക്കുറിച്ച്....

ഈ വിഷയങ്ങൾ സുപ്രീംകോടതിയിൽ ചർച്ച ചെയ്യപ്പെട്ടിരുന്നുവെങ്കിൽ, ഇന്ത്യയിൽ 'പ്രവർത്തനം നിർത്തിവെച്ച' അഞ്ച് എണ്ണമടക്കം 24 ബോട്ട്ലിങ് പ്ലാന്റുകൾ ഉള്ളതും ഇന്ത്യൻ കമ്പനികളുമായി 25 ഓളം കരാറുകളിൽ ഏർപ്പെട്ടിരിക്കുന്നതുമായ കൊക്കക്കോളയുടെ രാജ്യത്തിനകത്തും പുറത്തുമുള്ള പ്രവർത്തനങ്ങളെ അപകടത്തിലാക്കാനുള്ള ശേഷി അതിനുണ്ടാകുമായിരുന്നു. ശീതളപാനീയ വ്യവസായം, ഭൂഗർഭജലം എന്നിവ സംബന്ധിച്ച നിയമങ്ങൾക്ക് മേലും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ പ്രവർത്തനങ്ങൾക്ക് മേലും പഞ്ചായത്തീരാജ് നിയമങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരാൻ അതിന് സാധിക്കുമായിരുന്നു.

കമ്പനി ചെയ്ത കുറ്റങ്ങളുടെ ഉത്തരവാദിത്തത്തിൽ നിന്നും ശിക്ഷാനടപടികളിൽ നിന്നും കമ്പനി രക്ഷപ്പെട്ടുവെന്നതാണ് സുപ്രീംകോടതിയിൽ കേസ് വിചാരണ ചെയ്യപ്പെടാതിരുന്നപ്പോൾ സംഭവിച്ചത്. കേസുകൾ തള്ളിപ്പോവുക എന്നതായിരുന്നു അവരുടെ വിജയതന്ത്രം. ചുരുക്കത്തിൽ കൊക്കക്കോള കമ്പനി ജയിച്ചിരിക്കുകയാണ്. കമ്പനിയുടെ ഭാഗം വളരെ ദുർബലമാണെന്നും തെളിവുകൾ അവർക്ക് എതിരാണെന്നും വളരെ വ്യക്തമാണ്. അതിനാൽത്തന്നെ കമ്പനിക്കെതിരെ കേസ് ഫയൽ ചെയ്യാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. നിലവിൽ ഒരു കേസ് പോലും കമ്പനിക്കെതിരെ ഫയൽ ചെയ്യപ്പെട്ടിട്ടില്ല. കേസ് ഫയൽ ചെയ്യുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് നിയമോപദേശം തേടേണ്ടതാണ്. ■